LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) ഉണ്ട്. അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

## വനം വന്യജീവി മേഖലയിൽ വകയിരുത്തിയ 152 കോടി രൂപ

203 (4538) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകമോ :

2015-16 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത് ; വിശദവിവരം നൽകമോ ?

### ഉത്തരം

2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 86-ാം ഇനമായി വനം-വന്യജീവി മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 152 കോടി രൂപ വിനിയോഗിക്കുന്നതിന് രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## വന്യമൃഗശല്യം

204 (4539) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകമോ :

പുതുക്കാട് മണ്ഡലത്തിൽ വന്യമൃഗ ശല്യം കറയ്ക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

വന്യമൃഗശല്യം കറയ്ക്കുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെട്ട ശാസ്താംപൂവം ട്രൈബൽ കോളനിയിൽ 2 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗും, 2014 കാരിക്കടവ് തേക്കുതോട്ടത്തിനു ചുറ്റും 4 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗും ചക്കിപ്പറമ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.